(ബി) പുതുതായി രൂപീകരിച്ച ബോർഡുകളുടെ ചെയർമാൻമാർ ആരൊക്കെയാണ് ;

(സി) ഇനി പുതുതായി ഏതൊക്കെ മേഖലയിലാണ് ക്ഷേമനിധി ബോർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പുതുതായി രൂപീകരിച്ച ക്ഷേമനിധി ബോർഡുകളിൽ നാളിതു വരെ എത്ര വീതം തൊഴിലാളികൾ അംഗങ്ങളായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ക്ഷേമനിധി ബോർഡുകളാണ് പുതുതായി രൂപീകരിച്ചത്.

(ബി) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർമാൻ ശ്രീ. എസ്. രാജേന്ദ്രനും ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ ശ്രീ. ബി. പ്രകാശും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ ശ്രീ. എ. സി. മൊയ്തീൻ എം.എൽ.എ.-യുമാണ്.

(സി) അസംഘടിത തൊഴിലാളികൾക്കായി കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ഡി) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ 9-2-2011 വരെ 367224 തൊഴിലാളികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ 10-2-2011 വരെ 2770 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടില്ല.

വ്യവസായശാലയിൽ വച്ചുണ്ടാകുന്ന അപകടങ്ങളിൽ പരിക്കുപറ്റി പെൻഷനാകുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം

69 (1032) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽശാലയിൽവച്ചുണ്ടാകുന്ന അപകടങ്ങളിൽ പരിക്കുപറ്റി അൻപതു ശതമാനത്തിൽ കൂടുതൽ അംഗഭംഗം വന്നതായി ബോർഡ് സർട്ടിഫൈ ചെയ്യുന്ന തൊഴിലാളികൾക്ക് പെൻഷനായശേഷം ഇ.എസ്.ഐ. ആനുകൂല്യം ഒന്നും ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ പരിക്കുമൂലം പെൻഷനാകുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആശുപത്രികളിൽനിന്നും മരുന്നും ചികിത്സാസൗകര്യവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എഫ്ബി) തൊഴിൽശാലയിൽ വച്ചുണ്ടാകുന്ന അപകടങ്ങളിൽ പരിക്കുപറ്റി സ്ഥായിയായ രീതിയിൽ അംഗഭംഗം വന്ന് പെൻഷനാകുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും മരുന്നും ചികിത്സാ സൗകര്യവും ഇപ്പോൾ തന്നെ ലഭ്യമാക്കുന്നുണ്ട്.

തുറന്ന് പ്രവർത്തനം ആരംഭിച്ച തോട്ടങ്ങൾ

70 (1033) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ പൂട്ടിക്കിടന്ന എത്ര തോട്ടങ്ങളാണ് ഉണ്ടായിരുന്നത് ; ഏതൊക്കെ ;

(ബി) ഇതിൽ എത്ര തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞു ;

(സി) ഈ തോട്ടങ്ങൾ തുറന്നു പ്രവർത്തിച്ചതിലൂടെ എത്രപേരുടെ ജോലിയാണ് തിരികെ ലഭ്യമായതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇനിയും പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ 22 തോട്ടങ്ങൾ അടഞ്ഞു കിടന്നിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു:

1.	കോഴിക്കാനം എസ്റ്റേറ്റ്	പീരുമേട് താലൂക്ക്, ഇടുക്കി ജില്ല
2.	ഗ്രാംപി എസ്റ്റേറ്റ്	
3.	പശുമല എസ്റ്റേറ്റ്	
4.	തങ്കമല എസ്റ്റേറ്റ്	
5.	മൗണ്ട് എസ്റ്റേറ്റ്	
6.	മഞ്ജുമല എസ്റ്റേറ്റ്	
7.	തേങ്ങാക്കൽ എസ്റ്റേറ്റ്	
8.	പാമ്പനാർ എസ്റ്റേറ്റ്	
9.	നെല്ലിക്കായ് എസ്റ്റേറ്റ്	
10.	പീരുമേട് ടി കമ്പനി	
11.	ലോൺട്രി എസ്റ്റേറ്റ്	
12.	ബൊണാമി എസ്റ്റേറ്റ്	
13.	കോട്ടമല എസ്റ്റേറ്റ്	
14.	വാഗമൺ എസ്റ്റേറ്റ്	

LIBRARY ARCHIVES Kerala Legislative Assembly